ഐഡിയാസ് സംവിധാനം

10 (13) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഐഡിയാസ് സംവിധാനം വഴി പരാതിക്കാരന്/ഹർജിക്കാരന് ഫയൽ നമ്പർ എസ്.എം.എസ്. വഴി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഐഡിയാസ് വഴി ഹർജിക്കാരന് റഫറൻസ് നമ്പർ എസ്.എം.എസ്.വഴി ലഭിക്കുന്ന സംവിധാനം ഉടനുണ്ടാകുന്നതാണ്. റഫറൻസ് നമ്പർ ഉപയോഗിച്ച് ഡിപ്പാർട്ട്മെന്റിൽ നിന്നും ഫയൽ നമ്പർ അറിയുവാനും ഫയൽസ്ടാക്ക് ചെയ്യുവാനും സാധിക്കും. ഇ-ഓഫീസ് സിറ്റിസെൻ ഇന്റർഫേസ് അടുത്തുതന്നെ പ്രാബല്യത്തിൽ വരുമ്പോൾ ഹർജിക്കാരനുതന്നെ ഈ സംവിധാനത്തിലൂടെ റഫറൻസ് നമ്പർ ഉപയോഗിച്ച് ഫയൽ ഓൺലൈനായി ട്രാക്ക് ചെയ്യുവാൻ സാധിക്കും.

സോളാർ ജുഡീഷ്യൽ കമ്മീഷൻ അന്വേഷണ പരിധി

11 (14) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട ജുഡീഷ്യൽ കമ്മീഷന്റെ അന്വേഷണ പരിധിയിൽ മുഖ്യമന്ത്രിയെയും മുഖ്യമന്ത്രിയുടെ ഓഫീസിനെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) അന്വേഷണത്തിന്റെ ടേംസ് ഓഫ് റഫറൻസിൽ മുഖ്യമന്ത്രിയും ഓഫീസും ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ജസ്റ്റിസ് ജി ശിവരാജൻ അന്വേഷണ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളും സംബന്ധിച്ച് കേരള നിയമസഭയിലും പുറത്തും ഉന്നയിക്കപ്പെട്ടിട്ടിട്ടുള്ള എല്ലാ ആരോപണങ്ങളും ഉൾപ്പെടുത്തിയിരുന്നു. കമ്മീഷൻ അന്വേഷിക്കേണ്ട ആരോപണങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ച്, ആരോപണങ്ങൾ നിർണ്ണയിച്ച് വ്യക്തത വരുത്തി അന്വേഷണ കമ്മീഷൻ 7-11-2014-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വിപുലീകരിക്കുകയോ അന്വേഷണ പരിധിയിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് ഉയർന്ന എല്ലാ ആരോപണങ്ങളും സംബന്ധിച്ച് ജുഡീഷ്യൽ കമ്മീഷൻ വിശദമായി അന്വേഷിക്കണമെന്നുള്ളതാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്.

പുതുതായി സൃഷ്ടിച്ച തസ്തികകൾ

12 (15) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലും പുതുതായി സൃഷ്ടിച്ച തസ്തികകളുടെ പേരും എണ്ണവും വ്യക്തമാക്കാമോ;

(സി) ഈ തസ്തികകൾ സൃഷ്ടിച്ചത് വഴി സർക്കാരിന് അധിക ബാദ്ധ്യത ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര?

ഉത്തരം

(എ-സി) 22-1-2014 വരെയുള്ള കണക്കുകൾ പ്രകാരം ഈ സർക്കാരിന്റെ കാലത്ത് 22,058 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്.

സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ സൃഷ്ടിച്ച 46 തസ്തികകളുടെ പേരും എണ്ണവും ചുവടെ ചേർക്കുന്നു :

അഡീഷണൽ സെക്രട്ടറി	-	2
ജോയിന്റ് സെക്രട്ടറി	-	1
ഡെപ്യൂട്ടി സെക്രട്ടറി	-	1
അണ്ടർ സെക്രട്ടറി	-	4
സെക്ഷൻ ഓഫീസർ	-	4
അസിസ്റ്റന്റ്	-	8
പി.എ.	-	6
ഓഫീസ് സൂപ്രണ്ട്	-	1
ടൈപ്പിസ്റ്റ്	-	2

LIBRARY ARCHIVES Kerala Legislative Assembly